## അദ്ധ്യായം - 2

## കാറ്റഗറി - I ലെ മത്സരങ്ങൾ

2.01 സ്കൂൾ/ക്ലസ്റ്റർ/പഞ്ചായത്ത് (ആവശ്യമെങ്കിൽ), ഉപജില്ല എന്നീ തലങ്ങളിൽ മാത്രമേ മത്സരങ്ങൾ ഉണ്ടായിരിക്കുകയുള്ളൂ.

ക്ലസ്റ്റർ/പഞ്ചായത്തുതലമത്സരങ്ങളുടെ ആവശ്യകത ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ പരിശോധിച്ചു നിശ്ചയിക്കേണ്ടതാണ്.

2.02 ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളാണ് ഈ മത്സരത്തിൽ പങ്കെടുക്കേണ്ടത്. ഹൈസ്കൂൾ, യു.പി., ടി.ടി.ഐ എന്നിവയോടുചേർന്നുള്ള എൽ.പി വിഭാഗത്തിലെ കുട്ടികളും ഈ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

2.03 ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കുന്നതല്ല.

2.04 ഈ വിഭാഗത്തിനു താഴെപ്പറയുന്ന ഇനങ്ങളിൽ മത്സരം ഉണ്ടായിരിക്കുന്നതാണ്.

| | | |
|---|---|---|
| 1 | പ്രസംഗം മലയാളം | 5 മിനിറ്റ് |
| 2 | പ്രസംഗം തമിഴ് | 5 മിനിറ്റ് |
| 3 | പ്രസംഗം കന്നട | 5 മിനിറ്റ് |
| 4 | പദ്യം ചൊല്ലൽ മലയാളം | 5 മിനിറ്റ് |
| 5 | പദ്യം ചൊല്ലൽ തമിഴ് | 5 മിനിറ്റ് |
| 6 | പദ്യം ചൊല്ലൽ കന്നട | 5 മിനിറ്റ് |
| 7 | പദ്യം ചൊല്ലൽ ഇംഗ്ലീഷ് | 5 മിനിറ്റ് |
| 8 | പദ്യം ചൊല്ലൽ അറബിക് | 5 മിനിറ്റ് |
| 9 | ചിത്രരചന പെൻസിൽ | 120 മിനിറ്റ് |
| 10 | ചിത്രരചന ജലച്ചായം | 120 മിനിറ്റ് |
| 11 | ലളിതഗാനം | 5 മിനിറ്റ് |
| 12 | ശാസ്ത്രീയ സംഗീതം | 10 മിനിറ്റ് |
| 13 | മാപ്പിളപ്പാട്ട് | 5 മിനിറ്റ് |
| 14 | മോണോ ആക്റ്റ് | 5 മിനിറ്റ് |
| 15 | കഥാകഥനം<br>(ഒന്നും രണ്ടും ക്ലാസ്സുകൾക്ക് മാത്രം) | 5 മിനിറ്റ് |
| 16 | ആംഗ്യപ്പാട്ട് -മലയാളം<br>(ഒന്നും രണ്ടും ക്ലാസ്സുകൾക്ക് മാത്രം) | 5 മിനിറ്റ് |

| | | |
|---|---|---|
| 17 | ആംഗ്യപ്പാട്ട് -ഇംഗ്ലീഷ്<br>(ഒന്നും രണ്ടും ക്ലാസ്സുകൾക്ക് മാത്രം) | 5 മിനിറ്റ് |
| 18 | കടങ്കഥ<br>(മൂന്നും നാലും ക്ലാസ്സുകൾക്ക് മാത്രം) | വിധികർത്താക്കൾ നിശ്ചയിക്കും |
| 19 | നാടോടിനൃത്തം | 5 മിനിറ്റ് |
| 20 | ഭരതനാട്യം | 10 മിനിറ്റ് |
| 21 | സംഘഗാനം ( 7 പേർ) | 10 മിനിറ്റ് |
| 22 | സംഘനൃത്തം ( 7 പേർ) | 10 മിനിറ്റ് |
| 23 | ദേശഭക്തിഗാനം (7 പേർ) | 5 മിനിറ്റ് |

2.05 ഒന്നു മുതൽ ഇരുപതു വരെയുള്ള ഇനങ്ങളിൽ 'എ' ഗ്രേഡോടെ ടോപ്പ് സ്കോർ നേടിയ 11 ഇനങ്ങളും 21 മുതൽ 23 വരെയുള്ള ഇനങ്ങളിൽ 'എ' ഗ്രേഡോടെ ടോപ്പ് സ്കോർ നേടിയ രണ്ടു ഗ്രൂപ്പുകളും ഉപജില്ലാതല മത്സരത്തിന് അയയ്ക്കാവുന്നതാണ്.

2.06 നൃത്തേതരയിനങ്ങൾ ആവശ്യമെങ്കിൽ ക്ലസ്റ്റർ/പഞ്ചായത്തുതലത്തിൽ നടത്താവുന്നതാണ്.

2.07 നൃത്തയിനങ്ങൾ സ്കൂളിൽനിന്നും ഉപജില്ലാതല മത്സരത്തിലേക്കു നേരിട്ട് അയയ്ക്കേണ്ടതാണ്.

2.08 അധ്യയന ദിവസം നഷ്ടപ്പെടാതിരിക്കാൻ സ്കൂൾതല കലോത്സവം വെള്ളി, ശനി ദിവസങ്ങൾ ഉൾപ്പെടുത്തി നടത്തുന്നതാണ്.